LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു വരുന്ന മദ്യ ഉപഭോഗം

95 [2815] ശ്രീ. എ. സി. മൊയ്തീൻ :
,, പി. ജയരാജൻ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന സർക്കാർ പ്രഖ്യാപനം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു പഠനം നടത്തിയിട്ടില്ല.

(ബി) ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവയുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും, ബിയറിന്റെയും ഉപഭോഗം വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ബാറുകളെല്ലാംകൂടി ഇക്കഴിഞ്ഞ വർഷം വാങ്ങിയ മദ്യത്തിന്റെ അളവും ലൈസൻസ് ഫീ ഇനത്തിലുള്ള തുകയും

96 [2816] ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാറുകളെല്ലാം കൂടി ഇക്കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള എത്ര കെയ്സ് മദ്യം വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ബാറുടമകൾ ലൈസൻസ് ഫീ ഇനത്തിൽ ഈ കാലയളവിൽ എന്തു തുക അടച്ചു;

(സി) ഒരു ബാർ ഒരു ദിവസം നടത്തിക്കൊണ്ടുപോകുന്നതിന് ശരാശരി എന്തു ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(ഡി) ബാറുകളിലൂടെ വില്പന നടത്തുന്ന മദ്യത്തിൽ കിട്ടുന്ന വരുമാനം കൊണ്ട് ഇതു ലാഭകരമായി നടത്താൻ കഴിയുമോ?

ഉത്തരം

(എ) 515.15 കോടി രൂപയ്ക്കുള്ള 30.66 ലക്ഷം കെയ്സ് മദ്യം വാങ്ങിയിട്ടുണ്ട്.

(ബി) ലൈസൻസ് ഫീ ഇനത്തിൽ 2003-04 സാമ്പത്തിക വർഷത്തിൽ 75.75 കോടി രൂപ അടച്ചു.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) (സി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ബീവറേജസ് കോർപ്പറേഷൻ വിറ്റഴിച്ച മദ്യം

97 [2817] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ലൂഡി ലൂയിസ് :
ശ്രീമതി രാധാരാഘവൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ എത്ര കുപ്പി വിദേശമദ്യവും ബിയറും വിറ്റിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 2003-ൽ ഇതേ കാലത്ത് പ്രസ്തുത കോർപ്പറേഷൻ എത്ര കുപ്പി വിദേശ മദ്യവും ബിയറും വിറ്റഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(സി) 2004 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിദേശമദ്യവില്പനയിൽ വർദ്ധനവ് ഉണ്ടാകുവാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)	*വർഷം*	*വിദേശമദ്യം*	*ബിയർ*
	2004 മാർച്ച്	1.68 കോടി കുപ്പികൾ	0.66 കോടി കുപ്പികൾ
	2004 ഏപ്രിൽ	2.13 ,,	0.59 ,,
	2004 മേയ്	1.83 ,,	0.25 ,,
(ബി)			
	2003 മാർച്ച്	1.45 ,,	0.41 ,,
	2003 ഏപ്രിൽ	1.89 ,,	0.57 ,,
	2003 മേയ്	2.13 ,,	0.45 ,,

LIBRARY ARCHIVES Kerala Legislative Assembly